കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത്

# 2018-2019

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.-ടി.എസ്.ആർ(പി7)124/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020.

തീയതി.21.05.2020
e-mail: dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാട്ടുകുറ്റി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ടി.എസ്.ആർ.(പി7)124/2020, തീയതി: 21.05.2020

## തൃശ്ശൂർ ജില്ലയിലെ കാട്ടകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് .)

തൃശ്ശൂർ ജില്ലയിലെ കാട്ടകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 08-01-2019 മുതൽ 06-01-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2018-19 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 12 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 6-1-2020 മുതൽ 15-1-2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ഷീന.കെ.ടി, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.വിജയശ്രീ.പി, ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുമിത.ടി.എസ്, |

| | |
|---|---|
| | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ധന്യ ദിലീപ്, ഓഡിറ്റർ |

## ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. തോമസ്.ഐ.കണ്ണത്ത് | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. പ്രശാന്ത്.കെ.കെ | 01.04.2018 മുതൽ 04.10.2018 വരെ |
| | ശ്രീ.കെ.എസ്.സുരേഷ് | 05.10.2018 മുതൽ 24.10.2018 വരെ |
| | ശ്രീ.പ്രശാന്ത്.കെ.കെ. | 25.10.2018 മുതൽ 19.03.2019FN വരെ |
| | ശ്രീ.റോയ് ഡേവിഡ് | 19.03.2019AN മുതൽ 31.03.2019 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.സാബു. | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി.സുന.യു.എം | 01.04.2018 മുതൽ 31.07.2018 വരെ |
| | ശ്രീ.നൈജു.ടി.വി. | 01.08.2018 മുതൽ 30.09.2018 വരെ |
| | ശ്രീമതി.ത്രേസ്യാ.സി.സി | 01.10.2018 മുതൽ 10.08.2018 FN വരെ |
| | ശ്രീ.രോഹിത് മേനോൻ | 10.08.2018 AN മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോക്ടർ. സീന | 01.04.2018 മുതൽ 31.03.2019വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ശ്രീമതി.ബിന്ദു | 01.04.2018 മുതൽ 08.07.2018 വരെ |
| | ശ്രീമതി.രേഖ.എൻ.എസ് | 09.07.2018 മുതൽ 31.03.2019വരെ |
| വെറ്ററിനറി സർജൻ | ശ്രീ.ജോഷി | 01.04.2018 മുതൽ 31.05.2018 വരെ |
| | ശ്രീ.അലോഷി | 01.06.2018 മുതൽ 31.03.2019വരെ |
| വി.ഇ.ഒ (വൈന്തല സർക്കിൾ) | ശ്രീമതി.ഗിരിജ | 01.04.2018 മുതൽ 31.03.2019വരെ |

| | | |
|---|---|---|
| വി.ഇ.ഒ (കാട്ടുകുറ്റി സർക്കിൾ) | ശ്രീമതി.ആനി | 01.04.2018 മുതൽ 28.08.2018 വരെ |
| | ശ്രീമതി.ഗിരിജാ ദേവി | 29.08.2018 മുതൽ 31.08.2018 വരെ |
| | ശ്രീമതി.അമ്പിളി.സി.എ | 01.09.2018 മുതൽ 25.09.2018 വരെ |
| | ശ്രീമതി.ഗിരിജാ ദേവി | 26.09.2018 മുതൽ 23.12.2018 വരെ |
| | ശ്രീ.സലീഷ് | 24.12.2018 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | ശ്രീ.സുരേഷ്.കെ.എസ് | 01.04.2018 മുതൽ 18.11.2018 വരെ |
| | ശ്രീ.റോയ് ഡേവിഡ് | 19.11.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സുഷമ | 01.04.2018 മുതൽ 06.02.2019വരെ |
| | ശ്രീമതി.വിനോദിനി | 07.02.2019 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സെബിൻ | 01.04.2018 മുതൽ 29.07.2018 വരെ |
| | ശ്രീ.നവീൻ | 30.07.2018 മുതൽ 24.01.2019 വരെ |
| | ശ്രീ.സെബിൻ | 25.01.2019 മുതൽ 31.01.2019 വരെ |
| | ശ്രീമതി.അമ്പിളി | 01.02.2019 മുതൽ 31.03.2019 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |

| | | |
|---|---|---|
| 12 | ഡി. ആന്റ് ഒ ലൈസൻസ് | 1-12 |
| 13 | ജില്ലാ പഞ്ചായത്തിൽ നിന്നും ഇ-ടെണ്ടർ ഫീസ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-13 |
| 14 | കളക്ഷൻ ചാർജ് തനത് വരുമാനമാക്കാവുന്നതാണ് | 1-14 |
| 15 | ഫയർ എൻഒസി ഇല്ലാതെ ബിൽഡിങ്ങ് പെർമ്മിറ്റ് നൽകി | 1-15 |
| 16 | പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം വരുത്തിയകരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. | 1-16 |
| 17 | സ്കൂളുകളിലേക്ക് ടോയ് ലെറ്റ്-അന്നനാട് സ്കൂളിൽ അനുചിതമായ സ്ഥാനത്ത് ടോയ് ലെറ്റ് പണികഴിപ്പിച്ചിരിക്കുന്നു | 1-17 |
| 18 | PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു. | 1-18 |
| 19 | റോഡ് പ്രവൃത്തികൾ ഭാഗികമായി നടപ്പാക്കുന്നു | 1-19 |
| 20 | സോഡിയം വേപ്പർ ലാംപുകളുടെ വാങ്ങൽ, അറ്റകുറ്റപ്പണി എന്നിവയ്ക്കായി പദ്ധതി വിഹിതം ഉപയോഗിച്ചു. | 1-20 |
| 21 | നീർത്തട മാസ്റ്റർ പ്ലാൻ പുതുക്കൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല | 1-21 |
| 22 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല. | 1-22 |
| 23 | ശമ്പള പരിഷ്ക്കരണ കുടിശ്ശികക്ക് ആനുപാതികമായ പെൻഷൻകോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല. | 1-23 |
| 24 | റിട്ടെൻഷന് തുക വികസനഫണ്ടിൽ നിന്നും അനുവദിച്ചു | 1-24 |
| 25 | SLI യിൽ അംഗത്വം ഇല്ല | 1-25 |
| 26 | പ്രളയ ശുചീകരണത്തിനായി വാങ്ങിയ പമ്പ് സെറ്റുകൾ ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ് | 1-26 |
| 27 | വി.ഇ.ഒ. നടപ്പിലാക്കിയ പദ്ധതികളിലെ അപാകങ്ങൾ | 1-27 |
| 28 | കന്നുകുട്ടി പരിപാലന പദ്ധതി -പദ്ധതിയിൽ നിന്നും വിട്ടുപോയവരുടെ വിഹിതം തിരികെ ഈടാക്കണം | 1-28 |
| 29 | എസ് സി പോഷകാഹാരം പദ്ധതി -കൃത്യമായ വിതരണ രേഖകൾ സൂക്ഷിച്ചിട്ടില്ല | 1-29 |
| | ഭാഗം 2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 4 | |
| 30 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 31 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |

| | | |
|---|---|---|
| 32 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 34 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 35 | സ്ഥിര നിക്ഷേപം | 4-6 |
| 36 | ഓഡിറ്റ് റിക്കവറി | 4-7 |
| 37 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 38 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 41 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 42 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം-2 |


## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്.

# 1-1 ബജറ്റ്

24.03.2018 തീയതിയിലെ 1/2 തീരുമാനപ്രകാരം 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 5-2-2019 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 150288341/- രൂപയും, പ്രതീക്ഷിത ചെലവ് 145511145/- രൂപയും ആണ്.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/07/2019 | 17/05/2019 | - | - |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 16843771 |
| വരവ് | 72580741 |
| ആകെ | 89424512 |
| ചെലവ് | 68800315 |
| നീക്കിയിരിപ്പ് | 20624197 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12798000 | 12798000 | 12798000 | 0 |

| | | | | | |
|---|---|---|---|---|---|
| (ACR പ്രകാരം) | | | | | |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | 0 | 7022000 | 7022000 | 7022000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 7205374 | 7205374 | 7205374 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | 0 | 2151781 | 2151781 | 2151781 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | 0 | 5072153 | 5072153 | 5072153 | 0 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 219 | 83887245 | 120 | 47589083 | 0 | 99 | 54.75 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 24541 | 520165 | 544706 | 539232 | 5474 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | | 15133304 | 15133304 | 15133304 | 0 |

വാർഷിക കണക്ക് പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിട്ടുള്ളത്.

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവ് തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 35520 | 40 |
| കർഷകതൊഴിലാളി പെൻഷൻ | 8802800 | 439 |
| വിധവാ പെൻഷൻ | 15861800 | 911 |
| വാർദ്ധക്യകാല പെൻഷൻ | 39619500 | 2365 |
| വികലാംഗപെൻഷൻ | 5562200 | 312 |
| | | |

| | | |
|---|---|---|
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 990100 | 56 |
| | | |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14-01-2020 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,184/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

പദ്ധതികളുടെ പുരോഗതി സംബന്ധിച്ച് പഞ്ചായത്ത് കമ്മിറ്റി മീറ്റിംഗുകളിൽ നിർവ്വഹണ ഉദ്യോഗസ്ഥൻമാരുമായി ചർച്ച ചെയ്യുന്നതായി കാണുന്നില്ല. പദ്ധതി പൂർത്തിയാക്കി കൃത്യമായി മോണിറ്ററിംഗ് നടത്തുന്നതായി കാണുന്നില്ല. സ്റ്റാമ്പ് എക്കൗണ്ട് രജിസ്റ്ററിൽ വാങ്ങുന്ന സ്റ്റാമ്പുകളുടെ എണ്ണം കൃത്യമായി എഴുതിച്ചേർക്കുന്നതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിൽ നിന്നും നൽകുന്ന രസീതി ബുക്കുകളിൽ രസീതുകളുടെ എണ്ണം സാക്ഷ്യപ്പെടുത്തൽ രേഖപ്പെടുത്തിയിട്ടില്ല. കേരളാ ട്രഷറി കോഡ്, വോള്യം 1, ആർട്ടിക്കിൾ 92(b) കുറിപ്പ് 2 പ്രകാരം സ്ഥാപനത്തിന്റെ സീൽ പതിക്കേണ്ടതും അക്കൗണ്ട് റൂൾ ചട്ടം 83 അനുസരിച്ച് സ്ഥാപനമേധാവി രസീതുകളുടെ എണ്ണം സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 09.11.2019 | 8/19, 9/19, 10/19 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.07.2010 | 2005-06 മുതൽ 2009-10 വരെ | 12.08.2010 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്))

2. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത

തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്. മാത്രമല്ല ഡിമാന്റ് കളക്ഷൻ ബാലൻസ് എന്നീയിനങ്ങളിൽ സാംഖ്യയിൽത്തന്നെ ഡിമാന്റും കളക്ഷനും അഡ്വാൻസ് അഡ്ജസ്റ്റുമെന്റും കഴിഞ്ഞ് ഒരു സ്വാഭാവിക ഗണിത ക്രിയയിൽ വരേണ്ട തുകയല്ല ബാലൻസ് ആയി ചേർത്തിട്ടുള്ളത് എന്നും കാണുന്നു.

## 2.1 വസ്തു നികുതി

### 2.1.1 റെസിഡൻഷ്യൽ (കറന്റ് )

| | ഡിമാന്റ് | കളക്ഷൻ | അഡ്വാൻസ് അഡ്ജസ്റ്റഡ് | ബാലൻസ് |
|---|---|---|---|---|
| "സഞ്ചയ" | 2593882 | 2527803 | 102207 | 2860 |
| "സാംഖ്യ" | 2593882 | 2527803 | 2004 | 2866 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | (350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | *(3009/ 105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

### 2.1.2 നോൺ - റെസിഡൻഷ്യൽ (കറന്റ് )

| | ഡിമാന്റ് | കളക്ഷൻ | അഡ്വാൻസ് അഡ്ജസ്റ്റഡ് | ബാലൻസ് |
|---|---|---|---|---|
| "സഞ്ചയ" | 2170860 | 2111092 | 25833 | 44896 |
| "സാംഖ്യ" | 2170860 | 2111092 | 128040 | 44900 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൌണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ്& പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *( 47145/105X100) (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 2.2 വസ്തു നികുതി-കുടിശ്ശിക

### 2.2.1 റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| "സഞ്ചയ" | 13973 | 9194 (വ്യത്യാസമില്ല) | 2992 |
| "സാംഖ്യ" | 19435 | 9194 | 4162 ** |

| | | | |
|---|---|---|---|
| | *(2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(2695 + 17712 = 20407/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(4370/105X100) |

2.2.2 നോൺ - റെസിഡൻഷ്യൽ (കുടിശ്ശിക)

| | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| "സഞ്ചയ" | 171195 | 7141 | 174628 (ഡിമാന്റിനേക്കാൾ കൂടുതൽ ബാലൻസ്) |
| "സാംഖ്യ" | 175067 | 7141 | 175067,ഡിമാന്റ് തുക തന്നെ ബാലൻസിലും കാണുന്നു. |
| | (2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*(46844 + 136976 = 183820/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | **(183820/105X100)= 175067, (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

## 2.3 ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻ ഷ്യൽ | 132306 | 753 | 133059 | 128425 | 465 | 128890 | 5374 | - | 149 | 158 | 307 |
| | നോൺ-റെസിഡൻ ഷ്യൽ | 109126 | 8587 | 117713 | 105937 | 359 | 106296 | 1323 | | 2249 | 9192 | 1141 |
| | ആകെ | 250772 | | | 235186 | | | 6697 | | 11748 | | |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 252814 | | | 234836 | | | | 188622 | 11349 | | |
| | | (2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101 -State govt.Cess/levies ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt Cess/levies ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15, 431910101 - State govt.Cess/levies ലെഡ്ജർ 2018-19)) | | |

| | | | | | |
|---|---|---|---|---|---|
| | (9543 + 243271) | | | | |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് - (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:2.1, 2.2, 2.3എന്നി ഖണ്ഡികകളിലെ പട്ടികകൾ).

2.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 Other liabilities എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31.03.2019ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance collection of revenues-Property tax on Residential building | 98551 | 856251 |
| 2 | 350410104-Advance collection of revenues-Property tax on Non Residential building | 38132 | 299844 |

Receipt & Payment statement പ്രകാരം വസ്തു നികുതി ഇനത്തിൽ 2018-19ൽ അടുത്ത വർഷത്തേക്ക് അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. എന്നാൽ സഞ്ചയ DCB പ്രകാരം റസിഡൻഷ്യൽ വസ്തു നികുതി =38132+ 1801(LC)

നോൺ റസിഡൻഷ്യൽ വസ്തു നികുതി=11051 + 541(LC) എന്നീ തുകകൾ "Excess amount received this year (Advance Tax for next year for journel enties) എന്നു കാണുന്നു.

2.6 01.04.2018ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തു നികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പടെയുള്ള അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19ലെ 110100101-Property tax on residential buiding എന്ന ശീർഷകത്തിലേയും 110100103-Property tax on non residential builidingഎന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 04.12.2018, 31.03.2019 (demand enhanced) തിയതികളിൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ്

എൻട്രികൾക്കും സാധുത നൽകുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദേശിച്ച രീതിയിൽ വസ്തുനികുതി ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുമായി പ്രതിമാസ പൊരുത്തപ്പെടൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നൽകുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.7 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 234836 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 235186 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State govt cesses/levies in Property tax control account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 188622രൂപയാണ്. (വൗച്ചർ 41800462 തീ.31.03.2019, 41800463 തീ.31.03.2019, 41800464തീ.31.03.2019, 41800484 തീ.31.03.2019 (14149+152+172303+2018) പട്ടിക 2-3 കാണുക

2.8.തൻവർഷത്തെ വസ്തുനികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചു.

റസിഡൻഷ്യൽ ബിൽഡിംഗ് വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ പ്രകാരം 2004/-രൂപ അഡ്വാൻസിൽ നിന്നും റസിഡൻഷ്യൽ വസ്തു നികുതി ഇനത്തിലേക്കും 102207/-രൂപ നോൺറസിഡൻഷ്യൽ വസ്തു നികുതി ഇനത്തിലേക്കും അഡ്ജസ്റ്റ് ചെയതിട്ടുണ്ട്. കൂടാതെ നോൺറസിഡൻഷ്യൽ ബിൽഡിംഗ് വസ്തുനികുതി അഡ്വാൻസ് ലെഡ്ജർ പ്രകാരം 25833/-രൂപ അഡ്വാൻസിൽ നിന്നും നോൺറസിഡൻഷ്യൽ - വസ്തു നികുതി ഇനത്തിലേക്ക് അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്.

റസിഡൻഷ്യൽ ബിൽഡിംഗ് വസ്തുനികുതി ഇനത്തിൽ ആകെ അഡ്വാൻസിൽ നിന്നും അഡ്ജസ്റ്റ് ചെയ്തത് = 2004

നോൺറസിഡൻഷ്യൽ ബിൽഡിംഗ് വസ്തുനികുതി ഇനത്തിൽ ആകെ അഡ്വാൻസിൽ നിന്നും അഡ്ജസ്റ്റ് ചെയ്തത് = 102207 + 25833 = 128040/-

താഴെ പറയുന്ന അപാകതകൾ വിശദീകരിക്കേണ്ടതാണ്.

a) നോൺ റസിഡൻഷ്യൽ ബിൽഡിംഗ് തൻവർഷ വസ്തുനികുതി ഇനത്തിൽ ഡിമാന്റിനേക്കാൾ കൂടുതൽ തുക വരവുള്ളതായി കാണുന്നു, ഡിമാന്റ് - 2170860/-, കളക്ഷൻ - 2239132, 68272/-രൂപ അധികം കളക്ഷൻ, എന്നാൽ 47145/-രൂപ സഞ്ചയ, സാംഖ്യ കണക്കുകളിൽ ബാലൻസും കാണുന്നു.

വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| | ഡിമാന്റ് (സാംഖ്യ പ്രകാരം) | കളക്ഷൻ (സാംഖ്യ പ്രകാരം) | അഡ്വാൻസ് അഡ്ജസ്റ്റഡ് (ലെഡ്ജർ പ്രകാരം) | ആകെ കളക്ഷൻ(സാംഖ്യ പ്രകാരം) | ബാലൻസ് (ബാലൻസ് ഷീറ്റ് പ്രകാരം) |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| നോൺ റസിഡൻഷ്യൽ | 2170860 | 2111092 | 128040 | 2239132 | 47145 (ലൈബ്രറി സെസ്സ് അടക്കം) |
| | | | | | |

b) റസിഡൻഷ്യൽ ബിൽഡിംഗ് തൻവർഷ വസ്തുനികുതി ഇനത്തിൽ ഡിമാന്റ് - കളക്ഷൻ = ബാലൻസ് തുക 64075/-രൂപയാണ്. (ഡിമാന്റ് 2593882 –കളക്ഷൻ 2529807 = 64075/-) എന്നാൽ, സാംഖ്യ കണക്കുകൾ പ്രകാരം ബാലൻസ് തുക 3009 രൂപയാണ്. (ലൈബ്രറി സെസ്സ് അടക്കം)

| | ഡിമാന്റ് (സാംഖ്യ പ്രകാരം) | കളക്ഷൻ (സാംഖ്യ പ്രകാരം) | അഡ്വാൻസ് അഡ്ജസ്റ്റഡ് (ലെഡ്ജർ പ്രകാരം) | ആകെ കളക്ഷൻ (സാംഖ്യ പ്രകാരം) | ബാലൻസ് (ബാലൻസ് ഷീറ്റ് പ്രകാരം) |
|---|---|---|---|---|---|
| റസിഡൻഷ്യൽ | 2593882 | 2527803 | 2004 | 2529807 | 3009 (ലൈബ്രറി സെസ്സ് അടക്കം) |

2.9) 2018-19ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത്രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. (വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക 2.5ൽ ചേർത്തിട്ടുണ്ട്)

| വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|
| കെട്ടിടങ്ങളിൽ നിന്നുള്ള വാടക | 130100101 – Rent from Building | 309659/-<br>32305/-<br>6000/- | 04.12.2018<br>31.03.2019<br>31.03.2019 | 41800208<br>41800376<br>41800413 |

ചട്ടത്തിൽ നിർദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/

ഇളവ് അനുവദിക്കൽ, സാധുത നൽകുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

3. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 Other Liabilities എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | കോഡ് നം. | 31.03.2019ലെ മുൻകൂർ തുക |
|---|---|---|---|
| 1. | വസ്തു നികുതി നോൺ റെസിഡൻഷ്യൽ | 350410104 | 38132 |
| 2. | വസ്തു നികുതി റെസിഡൻഷ്യൽ | 350410101 | 98551 |
| 3. | ഡി & ഒ | 350410301 | 149900 |

4. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-18) പ്രകാരം 280000000 – Period item എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് I-18) | 31.03.2019ലെ ലഡ്ജർ ബാക്കി |
|---|---|
| 280100101 – Prior period income – Property tax on residential buildings | (26421) |
| 280100104 – Prior period income – Property tax on non residential buildings | (26422) |
| 280200401 – Prior period income – Other income | (2285676) |
| 280800201 – Prior period – Admn.Expenses | 657236 |
| 280800601 – Prior period Revenue grants and contribution | 150000 |

5. കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം7) ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തേണ്ടത്. പ്രധാനമായും വസ്തു നികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുന്കൂർ കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പരകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേക്ക് മാനുവലായി പൊരുത്തപ്പെടാനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

6. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

7. വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 3780426/- രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത്

(-) 1248532രൂപയാണ് .

5763850 + (-) 6182365 + (-) 830017 = (-)1248532.

അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

8) 2018-19 വർഷത്തെ income and expenditure I-17(a) പത്രിക പ്രകാരം 5758664/-രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ ഇവ കണക്കാക്കിയതിന്റെ ജേണൽ വൗച്ചർ ഹാജരാക്കിയിട്ടില്ല.

8.1) 31/3/2019 ലെ ബാലൻസ്ഷീറ്റ് പ്രകാരം Other fixed assestsഎന്ന ആസ്തികൾക്ക് 1788619/- രൂപ വില കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/03/2019 ലെ Accumalated Depreciation (-)2696254രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2019-20 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

9) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം 136879/-രൂപയുടെ ക്ലോസിങ് സ്റ്റേക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ ഓരോ ഇനത്തിന്റെയും വിനിയോഗം, നീക്കിയിരിപ്പ് എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

10) സർവ്വീസ് സഹകരണബാങ്കിന്റെ കാലാവധി കഴിഞ്ഞ 462573/-രൂപയുടെ ചെക്കുകൾ 12.07.2018ൽ "Liability in respect of stale cheque" എന്ന ബാധ്യത ശീർഷകത്തിലേക്ക് മാറ്റി ബാങ്ക് ബുക്ക് - Passbook നീക്കിയിരിപ്പുകൾ ക്രമീകരിച്ചിട്ടുണ്ട്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011 (ചട്ടം 46)). എന്നാൽ ഇതചിൽ ഉൾപ്പെട്ട 2000/-രൂപയുടെ ചെക്ക് നം.236876/28.11.2017 ജ്യൂലൈ മാസം മുതൽ റീകൺസിലിയേഷനിൽ വീണ്ടും ഉൾപ്പെടുത്തിയതായും 27.09.2018ന് വീണ്ടും stale cheque ആക്കി മാറ്റിയതായും ലെഡ്ജറിൽ കാണുന്നു. ആയത് പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

11) ട്രഷറി ടി.എസ്.ബി അക്കൗണ്ടിന്റെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം 14661/-രൂപ Cheques deposited but not credited ആയി ഉൾപ്പടുത്തിയിട്ടുണ്ടായിരുന്നു.

വൗച്ചർനം. 31800127/12.06.2018, 1190/-

വൗച്ചർ നം. 118040900028/12.06.2018, 13471 ആകെ=14661/-

മേൽപറഞ്ഞപ്രകാരം പഞ്ചായത്തിന് ലഭിക്കാനുള്ള തുക 31.03.2019ൽ സ്റ്റേൽചെക്ക് ആയി മാറ്റിയിരിക്കുന്നു (debit side)

ബാങ്കിൽ നിക്ഷേപിച്ചിട്ട് ഒരു മാസത്തിന് മുകളിലായിട്ടും ക്യാഷ് ചെയ്യാത്ത ചെക്കുകൾ

ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരിക്കുന്നതിന് കാരണം പരിശോധിച്ച് തുടർ നടപടി സ്വീകരിക്കേണ്ടതിനു പകരം ഇപ്രകാരം ചെയ്തതിന് കാരണം വ്യക്തമല്ല.

12) വായ്പ ഇനത്തിൽ തനവർഷം 4072297/-രൂപ വരവുണ്ട്. 31.03.2019ൽ ഈ തുക തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ ഈ വിവരങ്ങൾ വായ്പ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.

13) അഡ്വാൻസ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

14) വാർഷിക കണക്ക് B-4ഷെഡ്യൂൾ പ്രകാരമുള്ള ജില്ലാ പഞ്ചായത്ത് വിഹിതം നീക്കിയിരിപ്പ് തുക എ.സി.ആർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| വാർഷിക കണക്ക് പ്രകാരം | 800000 + 2008953 |
| എ.സി.ആർ പ്രകാരം | 1400000 + 1492697 |

# 1-12 ഡി.ആന്റ്.ഒ ലൈസൻസ്

1. ഗ്രാമപഞ്ചായത്ത് വാടകയ്ക്ക് നൽകിയിരിക്കുന്ന കടമുറികളുടെ ഡി.ആന്റ്.ഒ ലൈസൻസ് ഉറപ്പാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ ഷോപ്പിങ്ങ് കോംപ്ളക്സിൽ വാടകയ്ക്ക് നൽകിയിരിക്കുന്ന കടമുറികളുടെ ഡി.ആന്റ്.ഒ ലൈസൻസ് വിവരം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ 18/15.01.2020) മറുപടി ലഭ്യമായില്ല. ഷോപ്പിങ്ങ് കോംപ്ലക്സിൽ വാടകയ്ക്ക് നൽകിയിരിക്കുന്ന 23 കടമുറികളിൽ 7 കടമുറികളുടെ ഡി&ഒ ലൈസൻസ് അപേക്ഷകൾ മാത്രമേ പരിശോധനയ്ക്ക് ലഭ്യമായുള്ളു. ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വിവരം താഴെ ചേർക്കുന്നു

| ക്രമ നമ്പർ | കെട്ടിട നമ്പർ |
|---|---|
| 1 | 2/400 |
| 2 | 2/401 |
| 3 | 2/402 |
| 4 | 2/403 |
| 5 | 2/405 |
| 6 | 2/406 |
| 7 | 2/407 |
| 8 | 2/408 |
| 9 | 2/409 |
| 10 | 2/411 |
| 11 | 2/413 |
| 12 | 2/414 |
| | |

| | |
|---|---|
| 13 | 2/415 |
| 14 | 2/417 |
| 15 | 2/421 |
| 16 | 2/474 |

ഗ്രാമപഞ്ചായത്ത് ഷോപ്പിങ്ങ് കോംപ്ളക്സിലെ സ്ഥാപനങ്ങളുടെ പ്രവർത്തന ലൈസൻസ് ഉറപ്പാക്കിയില്ല എന്നത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അലംഭാവമായി വീക്ഷിക്കുന്നതാണ്.

2. ഗ്രാമപഞ്ചായത്തിന്റെ 13 വാർഡുകളിലായി പ്രവർത്തിക്കുന്ന 314 സ്ഥാപനങ്ങൾക്ക് 2018-19ൽ ഡി.ആന്റ്.ഒ ലൈസൻസ് അനുവദിച്ചിട്ടുണ്ട്. സഞ്ചയയിൽ നിന്നും ലഭ്യമായ വിവരങ്ങൾ അനുസരിച്ച് വാണിജ്യം, വ്യാവസായികം, ആശുപത്രി എന്നീ ഇനങ്ങളിലായി ആകെ 1044 കെട്ടിടങ്ങളും ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 311 സ്ഥാപനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നമ്പർ.18/15-01-2020) മറുപടി ലഭ്യമായില്ല. ലൈസൻസിന്റെ എണ്ണത്തിലുണ്ടായ കുറവ് പരിശോധനയ്ക്ക് വിധേയമാക്കേണ്ടതും ഡി.ആന്റ്.ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

# 1-13 ജില്ലാ പഞ്ചായത്തിൽ നിന്നും ഇ-ടെണ്ടർ ഫീസ് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

2018-19 വർഷം ഇ-ടെണ്ടറുകൾ വഴി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ പഞ്ചായത്തിന് അർഹമായ ഇ-ടെണ്ടർ ഫീസ് ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്ത് ഫണ്ടിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ 9/14-01-2020)

# 1-14 കളക്ഷൻ ചാർജ് തനത് വരുമാനമാക്കാവുന്നതാണ്

1996 ലെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ സെസ്സ് നിയമത്തിലെ വകുപ്പ് 3(3) പ്രകാരം കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ഫണ്ടിനായി പിരിക്കുന്ന തുകയുടെ ഒരു ശതമാനം പിരിച്ചെടുക്കുന്ന അതോറിറ്റിയുടെ തനത് ഫണ്ടിലേക്ക് മുതൽ കൂട്ടാവുന്നതാണ്. 2018-19 സാമ്പത്തിക വർഷത്തിൽ വിവിധ മരാമത്ത് പ്രവൃത്തികളിൽ നിന്നുമായി ഈ ഇനത്തിൽ ഈടാക്കിയ തുകയുടെ 1% കളക്ഷൻ ചാർജ് ഇനത്തിൽ ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനമാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്(ഓഡിറ്റ് അന്വേഷണം നമ്പർ 9/14-01-2020).

# 1-15 ഫയർ എൻ.ഒ.സി ഇല്ലാതെ ബിൽഡിങ്ങ് പെർമിറ്റ് നൽകി.

ഫയൽ നമ്പർ-ഇ-1484/2019

സി.നാരായണൻ, സി.ഇ ഒ, കൊച്ചി -സേലം പൈപ്പ് ലൈൻ പ്രൈവറ്റ് ലിമിറ്റഡ് 206.76 എം$^2$ ഉള്ള ജി 1 കാറ്റഗറിയിൽ ഉള്ള കെട്ടിടം നിർമ്മാണത്തിനായി പെർമിറ്റിന് അപേക്ഷിക്കുകയും 16.03.2019 ൽ മേൽ

നമ്പറിൽ പെർമിറ്റ് അനുവദിക്കുകയും ചെയ്തു. കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 59(11എ) പ്രകാരം ജി1 കൈവശ ഗണങ്ങളുടെ കാര്യത്തിൽ അവയുടെ നിലകളുടെ എണ്ണം കണക്കാക്കാതെ പെർമിറ്റ് നൽകുന്നതിനു മുൻപ് അഗ്നിശമന ഡയറക്ടറിൽ നിന്നോ അല്ലെങ്കിൽ അദ്ദേഹം ചുമതലപ്പെടുത്തിയ ഓഫീസറിൽ നിന്നോ അംഗീകാര സർട്ടിഫിക്കറ്റ് വാങ്ങി ഹാജരാക്കേണ്ടതാണ്.

# 1-16 പ്രവൃത്തി പൂർത്തീകരിക്കാൻ കാലതാമസം വരുത്തിയകരാറുകാരിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല.

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പ്രൊജക്റ്റുകളിൽ, 2018-19 സാമ്പത്തിക വർഷം ഫൈനൽ ബില്ല് നൽകിയ താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനു കാലതാമസം വന്നിട്ടുള്ളതായി കാണുന്നു. കരാറുകാരുമായുള്ള കരാറിലെ നിബന്ധന 7 പ്രകാരം മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20% സമയം (അഞ്ചിൽ ഒന്ന്) കൂടി പിഴ കൂടാതെ അനുവദിക്കുന്നതാണ്. അതിൽ കൂടുതൽ വരുന്ന മൂന്നുമാസം വരെ സമയം കരാർ തുകയുടെ 1% പിഴ ചുമത്തിക്കൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്നുമാസത്തിനും കരാർ തുകയുടെ 2% വീതം ചുമത്തിക്കൊണ്ട് മാത്രമേ കാലാവധി നീട്ടിക്കൊടുക്കുകയുള്ളു.

പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നിർവ്വഹണ ഉദ്യോഗസ്ഥൻ കരാറുകാർക്ക് ഒരിക്കൽ പോലും നിർദ്ദേശം നൽകിയതായി കാണുന്നില്ല. തെരഞ്ഞെടുത്ത ടെണ്ടറർക്ക് അയച്ച സെലക്ഷൻ നോട്ടീസിൽ പണി പൂർത്തീകരിക്കേണ്ട തിയതി രേഖപ്പെടുത്തിയിട്ടില്ല. ടെക്നിക്കൽ സാങ്ഷൻ ഉത്തരവിൽ എല്ലാ പ്രവൃത്തികൾക്കും 6 മാസ കാലാവധിയാണ് അനുവദിച്ചിട്ടുള്ളത്. കാലാവധി നീട്ടി നൽകാനാവശ്യപ്പെട്ടുകൊണ്ട് കരാറുകാർ അപേക്ഷ സമർപ്പിച്ചതായോ പഞ്ചായത്ത് കമ്മിറ്റി പ്രവൃത്തി പൂർത്തീകരണത്തിനുള്ള സമയം ദീർഘിപ്പിച്ച് തീരുമാനമെടുത്തതായോ ഫയലുകളിൽ കാണുന്നില്ല. കാലതാമസത്തിന് കരാറുകാരനിൽ നിന്നും പിഴ ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പ്രൊജക്റ്റ് നം, പേര്,<br>കരാറുകാരൻ,<br>കരാർ നം, തീയതി,<br>Agreed PAC | ട്രഷറിബിൽ നം/ തീയതി-<br>ചെലവ് തുക | സൈറ്റ് കൈമാറിയ തീയതി | പൂർത്തീകരിക്കേണ്ട തീയതി | പ്രവൃത്തി പൂർത്തീകരിച്ച തീയതി<br>(അളവു പുസ്തകം) | ഈടാക്കേണ്ട പിഴ |
|---|---|---|---|---|---|---|
| 1 | 187/19, കാട്ടുകുറ്റി ബസ് സ്റ്റാന്റ് നവീകരണം<br>ഡെന്നി.കെ.സി<br>കരാർ നം 14/18/AE-LSGD/KDY/25.10.17<br>PAC=147891 | 16/31.5.18-72029<br>72/25.3.19-77812,<br>ആകെ-149840 | 25.10.17 | 24.4.18 | 19.11.2018<br>(62(A)/17-18) | 25.4.18-30.5.18വരെ-NIL<br>31.5.18-31.8..18വരെ -1% of PAC = 1478<br>1.9.18-19.11.18=2%=2956<br>ആകെ-4434/- |
| 2 | 181/19, കുലയിടം എൽ.ഐ പൈപ്പ് | ട്രഷറി ബിൽ നം 52/20.3.19, | 25.10.17 | 24.4.18 | 22.10.18 | 25.4.18-30.5.18വരെ-NIL |

| | | | | | | |
|---|---|---|---|---|---|---|
| | ലൈൻ എക്സ്റ്റൻഷൻ<br>ഡെന്നി.കെ.സി<br>കരാർ നം 16/17-18/AE-LSGD/KDY/25.10.17<br>PAC=140857 | 138944/- | | | ( 82/18) | 31.5.18-31.8..18വരെ -1% of PAC = 1409<br>1.9.18-22.10.18=2%=2818<br>ആകെ-4227/- |

ഓഡിറ്റ് എൻക്വയറി 6/13.1.2020ന് അസി.എഞ്ചിനീയർ നൽകിയ മറുപടിയിൽ ക്രമ നം. 1 പ്രവൃത്തിയുടെ കരാറുകാരന് പിഴ അടക്കാൻ രേഖാമൂലം നിർദ്ദേശം നൽകിയതായി അറിയിച്ചിട്ടുണ്ട്. തുക അടവാക്കുന്നമുറക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി 16/15.1.2020ന് ലഭിച്ച മറുപടിയിൽ ക്രമ നം. 2 പ്രവൃത്തിയുടെ നിർമ്മാണ സ്ഥലത്തുണ്ടായിരുന്ന തർക്കം മൂലമാണ് കാലതാമസം നേരിട്ടതെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഫയലിൽ ഇതു സംബന്ധിച്ച സൂചനകളില്ല. ഇത്തരം സന്ദർഭങ്ങളിൽ വിവരം പഞ്ചായത്ത് കമ്മറ്റിയെ ബോധിപ്പിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു. അപ്രകാരം ചെയ്തിട്ടില്ല. ഭാവിയിൽ മരാമത്ത് പദ്ധതികൾക്കായി പ്രവർത്തന കലണ്ടർ തയ്യാറാക്കേണ്ടതും കാലതാമസം കൂടാതെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# 1-17 സ്കൂളുകളിലേക്ക് ടോയ്ലെറ്റ് - അന്നനാട് സ്കൂളിൽ അനുചിതമായ സ്ഥാനത്തു ടോയ്ലെറ്റ് പണി കഴിപ്പിച്ചിരിക്കുന്നു

പ്രൊജക്റ്റ് നം - 184/19

വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി തീരുമാനം 1(1)/19.10.17, 1/6.4.2018

അംഗീകാര തീരുമാന നമ്പർ-12/AEE/LSGD/CKDY/2017-18/5.11.2017, AEE, Chalakudy.

കരാറുകാരൻ-എൻ.എ.പോൾ

അടങ്കൽ-വികസനഫണ്ട്(പൊതുവിഭാഗം)-125000

ധനകാര്യകമ്മീഷൻ ഗ്രാന്റ്-470000 , ആകെ-595000/-

ചെലവ്-ട്രഷറി ബിൽ നം.51/20.3.2019, 470000/-

മേൽ പറഞ്ഞ പദ്ധതിപ്രകാരം പഞ്ചായത്തിലെ 6 എയ്ഡഡ് സ്കൂളുകളിൽ ടോയ്ലെറ്റ് പണിതു നൽകിയിട്ടുണ്ട്. അന്നനാട് ഹയർ സെക്കണ്ടറി സ്കൂളിൽ ഒരു ടോയ്ലെറ്റ് റൂം പണിതിട്ടുണ്ട്. 15.01.2019 ന് ഈ പദ്ധതിപ്രദേശം പരിശോധിച്ചപ്പോൾ സ്കൂൾ കെട്ടിടത്തിന്റെ മുൻഭാഗത്തെ മുറ്റത്തു തന്നെയായി പുതിയ ടോയ്ലെറ്റ് മുറി പണിതിട്ടുള്ളതായി കണ്ടു. ആയതിന്റെ മാത്രം ചെലവ് (അളവുപുസ്തക പ്രകാരം) 78376/- രൂപയാണ്. ക്ലാസ്സ് മുറികളുടെ മുൻപിലായി ടോയ്ലെറ്റ് റൂം പണിതിട്ടുള്ളത് കാഴ്ചയിൽ തീർത്തും അനൗചിത്യമായി അനുഭവപ്പെട്ടു. ടി മുറിയോടു ചേർന്നുണ്ടായിരുന്ന കെട്ടിടം ഫിറ്റ്നെസ്സില്ലാത്തതിനാൽ പൊളിച്ചുകളഞ്ഞതുകൊണ്ടാണ് പുതിയ ടോയ്ലെറ്റ് ഒറ്റപ്പെട്ട നിലയിൽ ആയതെന്നാണ് സ്കൂൾ അധികൃതരിൽ നിന്നും അറിയാനായത്. ഫിറ്റ്നെസ്സില്ലാത്ത പൊളിക്കാനൊരുങ്ങുന്ന പഴയ കെട്ടിടത്തോടു ചേർന്ന് പുതിയ ടോയ്ലെറ്റ് റൂം പണിയാൻ എപ്രകാരം തീരുമാനിക്കപ്പെട്ടു എന്നു വ്യക്തമല്ല. സ്കൂൾ കെട്ടിടത്തിന് വശങ്ങളിലോ പുറകിലോ ആയി പണിയാനാകുമായിരുന്നു. നിലവിൽ

ഈ കോമ്പൗണ്ടിൽ ശൗചാലയം ഉണ്ട്. പുതിയ ടോയ്‌ലെറ്റ് സെപ്റ്ററിക്ക് ടാങ്കുമായി ബന്ധിച്ചിട്ടില്ലാത്തതിനാൽ ഉപയോഗിച്ച് തുടങ്ങിയിട്ടില്ല. യു.പി സ്കൂളിനുവേണ്ടിയാണ് ടോയ്‌ലെറ്റ് നിർമ്മിച്ച് നൽകിയതെന്ന് പറയുന്നുവെങ്കിലും **ടോയ്‌ലെറ്റ് റൂം പണിതിട്ടുള്ള സ്കൂൾ കോംപൗണ്ടിൽ നിലവിൽ ഹൈസ്കൂൾ ക്ലാസ്സുകളാണ് പ്രവർത്തിക്കുന്നത്.**

ഈ സ്കൂളിൽ ഒരു ടോയ്‌ലെറ്റ് ആവശ്യമുള്ളതായി സ്കൂൾ അധികാരികൾ പഞ്ചായത്തിനെ അറിയിച്ചതായി കാണുന്നില്ല. പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പിൽ അന്നനാട് ഹയർ സെക്കണ്ടറി സ്കൂളിൽ ടോയ്‌ലെറ്റ് നിർമ്മിച്ച് നൽകണമെന്ന നിർദ്ദേശം ഉയർന്നതായി മിനിട്സിൽ രേഖപ്പെടുത്തി കാണുന്നില്ല.

ഇപ്രകാരം കൃത്യമായ ആസൂത്രണം കൂടാതെ പദ്ധതികൾ തയ്യാറാക്കി കെട്ടിടങ്ങളും മറ്റും പണിത് സർക്കാർധനം ചെലവഴിക്കുന്നത് ആശാവഹമല്ല. പദ്ധതികളുടെ ആസൂത്രണത്തിൽ കൂടുതൽ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

# 1-18 PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു.

07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% ആണ് അനുവദിക്കേണ്ടത്. ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ റോഡ് പ്രവൃത്തികളുടെ എസ്റ്റിമേററ് LSGD PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയത് പരിശോധിച്ചപ്പോൾ 10% OH ഉം 10% CP ഉം അനുവദിച്ചുകാണുന്നു. ഇപ്രകാരം അനുവദിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ആയത് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ സർക്കാർ ഉത്തരവുള്ളതായി പരാമർശിച്ചിട്ടില്ല. മേൽ സൂചിപ്പിച്ചിട്ടുള്ളത് ഡിപ്പാർട്ട്മെന്റ് തലത്തിൽ നടപടി ആവശ്യമുള്ളതാണെന്നാണ് അറിയിച്ചിട്ടുള്ളത്.
ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# 1-19 റോഡ് പ്രവൃത്തികൾ ഭാഗികമായി നടപ്പാക്കുന്നു

2017-18, 2018-19, 2019-2020 വർഷങ്ങളിലെ മരാമത്ത് പ്രൊജക്ടുകളുടെ സുലേഖ സ്റ്റേറ്റ്മെന്റ് പരിശോധിച്ചപ്പോൾ ഒരു റോഡ് ഭാഗികമായി അറ്റകുറ്റപ്പണികൾ നടത്തുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു

| ക്രമ നം. | റോഡിന്റെ പേര് | പ്രൊജക്റ്റിന്റെ വിവരം | | | |
|---|---|---|---|---|---|
| | | വർഷം | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ | ചെലവുതുക |
| 1 | എംജി റോഡ് സംബാളൂർ, വാർഡ് 1 | 2018-19 | 47/19എംജി റോഡ് സംബാളൂർ, വാർഡ് 1 | 315000 | 0 |
| | | 2019-2020 | 158/20 | 315000 | 284055 |

| | | | | | |
|---|---|---|---|---|---|
| | | (spillover) | എംജി റോഡ് സംബാളൂർ, വാർഡ് 1 | | |
| | | 2019-2020 | 217/20 റീച്ച്2 റോഡ് നിർമ്മാണം | 331000 | -- |
| 2 | ചെറങ്ങരേത്ത് റോഡ് | 2017-18 | 104/18 റീടാറിംഗ്, വാർഡ് 11 | 260000 | 253600 |
| | | 2018-19 | 52/19 റീടാറിംഗ് | 250000 | 249401 |
| 3 | തൈക്കൂട്ടം കടവ് റോഡ് | 2017-18 | 32/18 റീടാറിംഗ്, വാർഡ് 15 | 115000 | 0 |
| | | 2018-19 (spillover) | 164/19റീടാറിംഗ്, വാർഡ് 15 | 115000 | 111360 |
| | | 2018-19 | 77/19റീടാറിംഗ്, വാർഡ് 4 | 300000 | 297955 |
| 4 | കല്ലൂർകിണർ റോഡ് | 2017-18 | 172/18 റീടാറിംഗ്, വാർഡ് 15 | 46388 | 43030 |
| | | 2018-19 | 84/19 റീടാറിംഗ്, വാർഡ്15 | 200000 | 0 |
| | | 2019-20 (spillover) | 185/20 റീടാറിംഗ്, വാർഡ്15 | 200000 | ----- |
| 5 | അന്നനാട് സ്കൂൾ കനാൽ ബണ്ട് റോഡ് | 2017-18 | 173/18 സൈഡ് പ്രൊട്ടക്ഷൻ, ഫില്ലിംഗ്, ഫസ്റ്റ് മെറ്റലിംഗ് | 230665 | 223839 |
| | | 2018-19 | 85/19 സൈഡ് കെട്ടൽ, ടാറിംഗ് | 475000 | 0 |
| | | 2019-20 (spillover) | 186/20സൈഡ് കെട്ടൽ, ടാറിംഗ് | 475000 | 436801 |
| 6 | കോട്ടമുറി വട്ടക്കോട്ട റോഡ് | 2017-18 | 132/18 റീടാറിംഗ്, വാർഡ് 3 | 159051 | 148654 |
| | | 2018-19 | 92/19റീടാറിംഗ്, വാർഡ് 3 | 250000 | 249608 |
| 7 | ഗാന്ധിനഗർ റോഡ് | 2017-18 | 87/18 സെക്കന്റ് മെറ്റലിംഗ് ടാറിംഗ് | 212000 | 0 |
| | | 2018-19 (spillover) | 169/19 സെക്കന്റ് മെറ്റലിംഗ് ടാറിംഗ് | 212000 | 209025 |

| | | | | | |
|---|---|---|---|---|---|
| | | 2019-2020 | 42/20 സെക്കന്റ് സ്ട്രീറ്റ് റോഡ് നിർമ്മാണം | 700000 | -- |
| 8 | പ്ലാവിട റോഡ് | 2017-18 | 164/18 റീടാറിംഗ്, ടാറിംഗ് | 294882 | 288713 |
| | | 2017-18 | 200/18 റീടാറിംഗ്, വാർഡ്8 | 235000 | 228490 |
| | | 2018-19 | 128/19 റീടാറിംഗ്, വാർഡ്8 | 275000 | 275000 |
| 9 | മല്ലഞ്ചിറ കനാൽ ബണ്ട് റോഡ് | 2017-18 | 194/18 മെറ്റലിംഗ്, ടാറിംഗ് | 175750 | 175750 |
| | | 2018-19 | 225/19 സൈഡ് പ്രൊട്ടക്ഷൻ | 65000 | 0 |
| | | 2019-20 (spillover) | 173/20 സൈഡ് പ്രൊട്ടക്ഷൻ | 65000 | -- |
| | | 2019-2020 | 86/20 റീടാറിംഗ്, വാർഡ്8 | 325000 | -- |
| 10 | കാർമ്മൽ ലിങ്ക് റോഡ് | 2018-19 | 167/19 റീടാറിംഗ് ഐറിഷ് കാന നിർമ്മാണം | 600000 | 547808 |
| | | 2019-2020 | 100/20 ടൈൽവിരിക്കൽ, വാർഡ്15 | 190000 | -- |
| 11 | തച്ചൻതുരുത്ത് റോഡ് | 2017-18 | 98/18, റീടാറിംഗ്, മെറ്റലിംഗ്, ടാറിംഗ് | 430000 | 0 |
| | | 2018-19 (spillover) | 175/19, ,, ,, | 430000 | 426429 |
| | | 2018-19 | 94/19 മെറ്റലിംഗ്, ടാറിംഗ് | 315000 | 0 |
| | | 2019-20 (spillover) | 123/20 മെറ്റലിംഗ്, ടാറിംഗ് | 315000 | 290776 |

മേൽ പറഞ്ഞപ്രകാരം ഒരേ റോഡിൽതന്നെ തുടർച്ചയായി പല പ്രൊജക്റ്റുകളായി പ്രവൃത്തി ചെയ്യുന്നു. ഇപ്രകാരം ഭാഗികമായി പണി ചെയ്യുന്നതിനാൽ ഒരു റോഡിന്റെ മൊത്തമായി അറ്റകുറ്റപ്പണി പൂർത്തീകരിക്കപ്പെടുകയോ സഞ്ചാരയോഗ്യമാക്കപ്പെടുകയോ ചെയ്യുന്നില്ല.

മരാമത്തുപ്രവൃത്തികൾ ഭാഗികമായി എസ്റ്റിമേറ്റ് തയ്യാറാക്കി ആസൂത്രണം ചെയ്യുന്നതിന് പകരം, പൂർത്തീകരണത്തിന് ആവശ്യമായ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കി, ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച്

ബഹുവർഷപ്രോജക്ടുകളായി വിഭാവനം ചെയ്ത്, ഇ-ടെന്ററിംഗിലൂടെ പരമാവധി മത്സരാധിഷ്ഠിത ടെന്ററുകൾ ഉറപ്പുവരുത്തി നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-20 സോഡിയം വേപ്പർ ലാംപുകളുടെ വാങ്ങൽ, അറ്റകുറ്റപ്പണി എന്നിവയ്ക്കായി പദ്ധതി വിഹിതം ഉപയോഗിച്ചു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ, തെരുവ് വിളക്ക് പരിപാലനം, തെരുവ് വിളക്ക് സാമഗ്രികൾ വാങ്ങൽ എന്നീ പദ്ധതികളിൽ, സോഡിയം വേപ്പർ ലാംപുകൾ വാങ്ങുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമായും പദ്ധതി വിഹിതം വിനിയോഗിച്ചതായിക്കാണുന്നു. തെരുവ് വിളക്കുകൾ വാങ്ങുന്നതിലേക്കായി 16109/- രൂപയും, തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കായി 13300/- രൂപയും പദ്ധതി വിഹിതം ചെലവഴിച്ചതായി കാണുന്നു. പദ്ധതി മാർഗ്ഗരേഖ പ്രകാരം, സോഡിയം വേപ്പർ ലാംപുകളുടെ വാങ്ങൽ അറ്റകുറ്റപ്പണികൾ എന്നിവയ്ക്കായി തനത്ഫണ്ട് മാത്രമേ വിനിയോഗിക്കാൻ പാടുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക്, പ്രളയ ദുരിതാശ്വാസപ്രവർത്തനങ്ങൾക്കായി തനത്ഫണ്ട് ഉപയോഗിച്ചതിനാൽ തനത് ഫണ്ട് ഇല്ലാത്തതിനാലാണ് പദ്ധതിവിഹിതം വിനിയോഗിച്ചതെന്ന് മറുപടി നൽകിയിട്ടുണ്ട്. മാർഗ്ഗരേഖാ നിർദ്ദേശം കർശനമായി പാലിക്കേണ്ടതാണ്.

# 1-21 നീർത്തട മാസ്റ്റർ പ്ലാൻ പുതുക്കൽ- വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല

കൃഷി ഓഫീസർ നിർവ്വഹണോദ്യഗസ്ഥനായ ഈ പദ്ധതിയിൽ, ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 വാർഷിക പദ്ധതി ഉറവ് ബ്ലോക്ക് തല സമഗ്ര നീർത്തട വികസന മാസ്റ്റർ പ്ലാൻ എന്ന സംയുക്ത പദ്ധതിയ്ക്കായി ഗ്രാമപഞ്ചായത്തിന്റെ വിഹിതം 150000/- രൂപാ (ബിൽ നം.2/18-19, തീയതി 9/10/18) ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതി നാളിതുവരെ പൂർത്തീകരിയ്ക്കുകയോ വിനിയോഗസാക്ഷ്യപത്രം ലഭ്യമാവുകയോ ചെയ്തിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-22 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല.

| പദ്ധതിയുടെ പേര് | പദ്ധതി നം. | കൈമാറിയ തുക | കൈമാറിയ സ്ഥാപനത്തിന്റെ പേര് | ബിൽ നം./ തിയതി |
|---|---|---|---|---|
| സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ | 149/19 | 146143 | കെ.എസ്.ഇ.ബി കൊരട്ടി | 12/18-19, dt.6/6/18 |
| സുശാന്തം വയോജനക്ഷേമം | 204/19 | 50000 | തൃശ്ശൂർ ജില്ലാ പഞ്ചായത്ത് | 21/18-19, dt.25/7/18 |
| വിജ്ഞാൻ സാഗർ | 205/19 | 100000 | തൃശ്ശൂർ ജില്ലാ | 19/18-19, |

| | | | | |
|---|---|---|---|---|
| വിഹിതം | | | പഞ്ചായത്ത് | dt.25/7/18 |
| ആറങ്ങാലി ടോയ്‌ലറ്റിലേക്ക് വാട്ടർ കണക്ഷൻ | 156/19 | 120000 | എക്സി.എഞ്ചിനീയർ, കേരളാ വാട്ടർ അതോറിറ്റി, ഇരിങ്ങാലക്കുട | 8/18-19, dt.6/6/18 |
| ഐ.സി.ഡി.പി സബ്സെന്റർ ഇലക്ട്രിഫിക്കേഷൻ | 153/19 | 11717 | അസി.എഞ്ചിനീയർ, ഇലക്ട്രിക്കൽ സെക്ഷൻ, കൊരട്ടി | 5/18-19, dt.15/5/18 |

വിനിയോഗസാക്ഷ്യപത്രം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

# 1-23 ശമ്പള പരിഷ്ക്കരണ കുടിശ്ശികക്ക് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല.

വൗച്ചർ നം. 20/03.10.18, ചെക്ക് നം.21800596/03.10.18 പ്രകാരം ജീവനക്കാരുടെ 2014 ശമ്പളപരിഷ്ക്കരണം കുടിശ്ശിക 4-ാം ഗഡു (പലിശ അടക്കം), 150403/- രൂപ അനുവദിച്ചിട്ടുണ്ട്. ശമ്പള പരിഷ്ക്കരണ കുടിശ്ശികക്ക് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.
ജീവനക്കാരുടെ ശമ്പളപരിഷ്ക്കരണ കുടിശ്ശിക അനുവദിച്ചതിന് ആനുപാതികമായി നിയമാനുസരണമുള്ള പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

# 1-24 റിട്ടെൻഷൻ തുക വികസനഫണ്ടിൽ നിന്നും അനുവദിച്ചു

താഴെ പറയുന്ന പ്രവൃത്തികളിൽ ആദ്യ ബില്ലിൽ നിന്നും റീട്ടെൻഷൻ തുക പിൻവലിച്ച് പഞ്ചായത്ത് തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റിയിട്ടിരുന്നു. പിന്നീട് ഫൈനൽ ബിൽ തയ്യാറാക്കിയപ്പോൾ റീട്ടെൻഷൻ തുക കൂടി ഫൈനൽ ബിൽ തുകയുടെ കൂടെക്കൂട്ടി ട്രഷറിയിൽ നിന്നും പിൻവലിച്ച് കരാറുകാരന് നൽകിക്കാണുന്നു.

(i) ആറങ്ങാലി മണപ്പുറം വനിതാ സൗഹൃദ ടോയ്‌ലെറ്റ്

അടങ്കൽ-വികസനഫണ്ട്-300000

പ്രവൃത്തി മൂല്യം-243227

ചെലവ്-first and part bill-ട്രഷറി ബിൽ 4/22.5.18, 67473 (6747/- retention)

Second and final bill-ട്രഷറി ബിൽ 35/13.12.18, 175755 + 6747 = 182502,

ആകെ പിൻവലിച്ച തുക - 249975

ആകെപിൻവലിച്ച തുക - പ്രവൃത്തി മൂല്യം = 249975 –243227 = 6747

(ii) വിവിധ വാർഡുകളിലെ അംഗൻവാടി മെയിന്റനൻസ്, 179/19

അടങ്കൽ-മെയിന്റനൻസ് ഫണ്ട് (റോഡിതരം)-442000

പ്രവൃത്തി മൂല്യം-243227

ചെലവ്- first and part bill -ട്രഷറി ബിൽ 3/22.5.18, 221252/- (22125/- retention)

Second and final bill-ട്രഷറി ബിൽ 34/7.12.18, 140093 + 22125 = 162218,

ആകെ പിൻവലിച്ച തുക- 383470

ആകെ പിൻവലിച്ച തുക- പ്രവൃത്തി മൂല്യം = 383470–361345 = 22125

വികസനഫണ്ടിൽ നിന്നും മേൽ പറഞ്ഞപ്രകാരം രണ്ടു പ്രാവശ്യം റീട്ടെൻഷൻ തുക ചെലവഴിച്ചിട്ടുണ്ട്. തനതുഫണ്ടിലേക്ക് മാറ്റിയിട്ടിരുന്ന റീട്ടെൻഷൻ തുകകൾ കരാറുകാരന് അനുവദിക്കപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഉണ്ടെങ്കിൽ ആയത് തിരികെ ഈടാക്കി സർക്കാരിലേക്ക് അടവാക്കേണ്ടതുമാണ്. അല്ലാത്തപക്ഷം തനതുഫണ്ടിലുള്ള റീട്ടെൻഷൻ തുകകൾ സർക്കാരിലേക്ക് തിരിച്ചടവാക്കേണ്ടതാണ്. വികസനഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ച 6747 +22125 = 28872/- രൂപ സർക്കാരിലേക്ക് തിരിച്ചടക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി 6/13.1.2020 ന് അസി.എഞ്ചിനീയർ ലഭ്യമാക്കിയ മറുപടിയിൽ വികസനഫണ്ടിൽ നിന്നും അധികം ചെലവഴിച്ച തുക സർക്കാരിലേക്ക് തിരിച്ചടവാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരിച്ചടവാക്കുന്ന മുറക്ക് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-25 SLI യിൽ അംഗത്വം ഇല്ല.

ശ്രീ.കെ.വിനോദ്, ക്ലർക്കിന്റെ ശമ്പള ബില്ലുകൾ, സേവന പുസ്തകം എന്നിവ പരിശോധിച്ചതിൽ ടിയാൻ SLI യിൽ അംഗത്വം എടുത്തതായി കാണുന്നില്ല. ആയതിന്റെ കാരണം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി SLI യിൽ അംഗത്വം എടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

# 1-26 പ്രളയ ശുചീകരണത്തിനായി വാങ്ങിയ പമ്പ് സെറ്റുകൾ ഉപയോഗിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്,

വൗച്ചർ നമ്പർ-21800456/24.8.2018, തുക –25226/- രൂപ

മേൽ വൗച്ചർ പ്രകാരം2018 ആഗസ്റ്റ് മാസത്തെ പ്രളയത്തോടനുബന്ധിച്ച് മലിനമായ പൊതു കിണറുകൾ ശുചീകരിക്കുന്നതിനായി 2 പമ്പ് സെറ്റുകൾ വാങ്ങിയിരുന്നു (ഇൻവോയ്സ് നമ്പർ-സി-914/20.8.2018 കിസാൻക്രാഫ്റ്റ്). പ്രസ്തുത പമ്പ് സെറ്റുകൾ നിലവിൽ ഉപയോഗിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി അവ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്ന് മറുപടി നൽകി (എൻക്വയറി നമ്പർ-20). അവ ഉപയോഗയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

# 1-27 വിഇഒ നടപ്പിലാക്കിയ പദ്ധതികളിലെ അപാകങ്ങൾ

എ) പദ്ധതി നമ്പർ-15/19

വീട് വാസയോഗ്യമാക്കൽ എസ്.സി

ബിൽ നമ്പർ-5/20.10.2018, തുക-350000/- രൂപ

നിർവ്വഹണ ഉദ്യോഗസ്ഥൻ- വി.ഇ.ഒ

മേൽ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയ (100000/-രൂ) ശ്രീ.തങ്കപ്പൻ, മഠപ്പറമ്പിൽ, കാട്ടുകുറ്റി, വാർഡ് 2 എന്ന വ്യക്തിയുടെ ഫയൽ പരിശോധിച്ചതിൽ കാലപ്പഴക്കം സംബന്ധിച്ച് സെക്രട്ടറി നൽകിയ സർട്ടിഫിക്കറ്റിൽ (J/4259/18/23.7.2018) ടിയാന്റെ 2/92 എന്ന കെട്ടിടത്തിന് 18.2.2011 ൽ നമ്പർ നൽകി എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ആയതു പ്രകാരം 8 വർഷം കാലപ്പഴക്കം വരുന്നില്ല. ടിയാന് ആനുകൂല്യം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 1.10.2010 ൽ ഐ.എ.വൈ പദ്ധതി പ്രകാരം അവസാന ഗഡു നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. എന്നാൽ ഇത് സംബന്ധിച്ച് ആധികാരികമായ രേഖകൾ ഹാജരാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

ബി) പദ്ധതി നമ്പർ-30/19

ബിൽ നമ്പർ-25/29.2.2019, തുക-15000/-

ഗാർഹിക കുടിവെള്ള കണക്ഷൻ നൽകൽ-ജനറൽ

മേൽ പദ്ധതി പ്രകാരം ആനുകൂല്യം നൽകിയ (5000/-രൂ) ശ്രീമതി.ഓമന.എ.ആർ, പിഷാരിക്കൽ, അന്നനാട് എന്ന വ്യക്തിയുടെ ഫയൽ പരിശോധിച്ചതിൽ വാട്ടർ അതോറിറ്റിയിൽ നിന്നുള്ള കൺസ്യൂമേഴ്സ് മീറ്റർ കാർഡിൽ തീയതികൾ 'തിരുത്തിയതായി "കാണുന്നു. ആയതിനാൽ ടിയാൾ 2018-19 ൽ തന്നെയാണ് കണക്ഷൻ എടുത്തത് എന്നത് സംബന്ധിച്ച രേഖകൾ വാട്ടർ അതോറിറ്റിയിൽ നിന്നും ഹാജരാക്കുന്നതിന് നിർദ്ദേശം നൽകേണ്ടതും ആയത് ഓഡിറ്റ് പരിശോധനക്ക് ഹാജരാക്കേണ്ടതുമാണ്. രേഖകൾ ഹാജരാക്കുന്നതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

സി) ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.

പദ്ധതി നമ്പർ-25/19

നിർവ്വഹണ ഉദ്യോഗസ്ഥൻ-വി.ഇ.ഒ

ലൈഫ് മിഷൻ ഭവന നിർമ്മാണത്തിനായി 360000/- രൂപ കൈപ്പറ്റിയ ശേഷം ശ്രീമതി.മോഹിനി നാരായണൻ, തടത്തിൽ, അന്നനാട് എന്ന വ്യക്തി ഭവന നിർമ്മാണം പൂർത്തീകരിച്ച് അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-28 കന്നുകുട്ടി പരിപാലന പദ്ധതി -പദ്ധതിയിൽ നിന്നും വിട്ടുപോയവരുടെ വിഹിതം തിരികെ ഈടാക്കണം.

പദ്ധതി നമ്പർ-56/19

നിർവ്വഹണ ഉദ്യോഗസ്ഥൻ- വെറ്ററിനറി സർജൻ

ബിൽ നമ്പർ-4/26.12.2018-256250/-

ബിൽ നമ്പർ-5/12.2.2019-56250/-

കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം ഗുണഭോക്താക്കൾക്ക് തീറ്റ വിതരണം നടത്തുന്ന നാൾ വഴി രജിസ്റ്റർ പരിശോധിച്ചതിൽ 3 ഗുണഭോക്താക്കൾ നിലവിൽ തീറ്റ വാങ്ങാത്തതായി കാണുന്നു. വിശദാംശം താഴെ ചേർക്കുന്നു.

1. എൽസി തോമസ്

2. ആനീസ് ജോർജ്ജ്

3. റോസി ആന്റണി

പദ്ധതി അവസാനിക്കുന്ന മുറക്ക് പദ്ധതിയിൽ നിന്നും വിട്ടുപോയവരുടെ വിഹിതം തിരികെ ഈടാക്കി കൺസോളിഡേറ്റഡ് ഫണ്ടിൽ അടവാക്കേണ്ടതാണ്.

# 1-29 എസ്.സി പോഷകാഹാരം പദ്ധതി -കൃത്യമായ വിതരണ രേഖകൾ സൂക്ഷിച്ചിട്ടില്ല.

പദ്ധതി നമ്പർ-102/19 (എസ്.സി)

നിർവ്വഹണ ഉദ്യോഗസ്ഥൻ -ഐ.സി.ഡി.എസ് സൂപ്പർവൈസർ

ബിൽ നമ്പർ-4/30.10.2018, തുക-120972/-

“ “ -8/16.1.2019, തുക-74119/-

മേൽ പദ്ധതി പ്രകാരം എസ്.സി പോഷകാഹാരം പദ്ധതി യിൽ THRS, പോഷകപ്പൊടി എന്നിവ യഥാക്രമം 6 വയസ്സിൽ താഴെയുള്ള കുട്ടികൾക്കും ഗർഭിണികൾക്കും വാങ്ങി നൽകിയിട്ടുണ്ട്. വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | ബിൽ നമ്പർ/തീയതി | തൂക്കം | റിമാർക്സ് |
|---|---|---|---|
| 1 | 79/26.10.2018 | 807 കിലോ | THRS |
| 2 | 12/30.7.2018 | 207.5 ,, | പോഷകപ്പൊടി |
| 3 | 16/30.7.2018 | 672 ,, | THRS |
| 4 | 20/11-2018 | 941.5 ,, | ,, |

എസ്.സി ഫണ്ട് ഉപയോഗിച്ച് വാങ്ങിയ വസ്തുക്കൾ വിതരണം നടത്തിയതിന് കൃത്യമായ വിതരണ രേഖകൾ സൂക്ഷിച്ചിട്ടില്ല. ജനറൽ ഫീഡിങ്ങിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കും വിതരണം നടത്തിയതായാണ് ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയത്. 42 എസ്.സി വിദ്യാർത്ഥികളുടെ ലിസ്റ്റ് ആണ് ഐ.സി.ഡി.എസ് സൂപ്പർവൈസർ ആദ്യം ഹാജരാക്കിയത്. എന്നാൽ എൻക്വയറി(നമ്പർ-8) നൽകിയതിനെ തുടർന്ന് 49 ഗുണഭോക്താക്കളുടെ ലിസ്റ്റ് കൂടി ഹാജരാക്കി. എന്നാൽ ഇവർ 6 മാസം -3 വയസ്സ് എന്ന വിഭാഗത്തിലും എസ്.സി വിഭാഗത്തിലും ഉൾപ്പെട്ടവരാണോ എന്ന് ബന്ധപ്പെട്ട രേഖകളുടെ അഭാവത്തിൽ പരിശോധിക്കാനായില്ല. പോഷകപ്പൊടി വിതരണം നടത്തിയതിലും മേൽ അപാകത സംഭവിച്ചിട്ടുണ്ട്. 12 മാസത്തെ ഫീഡിങ്ങിൽ ഉൾപ്പെടുത്തി വാങ്ങി പ്രത്യേകമായി വിതരണ രേഖകൾ സൂക്ഷിക്കേണ്ടതിനു പകരം 3 പ്രാവശ്യമായി വാങ്ങി മൊത്തമായി

വിതരണം നടത്തിയതിനാലാണ് അപാകത സംഭവിച്ചത്. കൃത്യമായ രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2 .

ഇല്ല.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3 .

ഇല്ല.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 22.07.2019, 23.07.2019 | കെ.എസ്.എ.ടി.എസ്.ആർ (എസ്1)1120/2019(22), തീ.09.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| | | | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 | നെൽകൃഷി കൂലിച്ചെലവ് സബ് സിഡി | 500000 | 0 |
| | | 187446 | അംഗൻവാടി ഫീഡിംഗ് | 187446 | 0 |
| | | 2000000 | ലൈഫ് മിഷൻ ഭവന നിർമാണം | 2000000 | 0 |
| | | 100000 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | 100000 | 0 |
| | | 249850 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 249850 | 0 |
| | | 100000 | ക്ഷീരസംഘങ്ങൾ മുഖേന വിതരണം ചെയ്യുന്ന പാലിന് സബ് സിഡി | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 500000 | | 500000 | 0 |
| | | 200000 | അംഗൻവാടി പോഷകാഹാരം | 200000 | 0 |
| | | 100000 | പാലിന് സബ്സിഡി | 100000 | 0 |
| | | 562013 | ലൈഫ് മിഷൻ ഭവനനിർമാണം | 562013 | 0 |
| | | 205111 | പൊതുകിണർ പുനരുദ്ധാരണം | 205111 | |
| | | 192342 | തൈക്കൂട്ടം കനാൽ കല്ലൂർ പള്ളി ലിങ്ക് റോഡ് റീടാറിംഗ് വാർഡ് 14,15 | 192342 | 0 |
| | | 73000 | പെയിൻ ആന്റ് പാലിയേറ്റീവ് കെയർ | 73000 | 0 |
| | | 500000 | നബാർഡ് റോഡ് റീ ടാറിംഗ് വാർഡ് 12 | 500000 | 0 |
| | | 249850 | ശാരീരിക മാനസികവെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 249850 | 0 |
| | | 1050000 | കുടുംബശ്രീ ആസ്ഥാനമന്ദിരം- | 1050000 | |

| | | | | | |
|---|---|---|---|---|---|
| | | | പരിശീലനകേന്ദ്രം നിർമാണം | | |

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങളാണ് മുകളിൽ ചേർത്തിട്ടുള്ളത്. ആയത് വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. സംയുക്ത പ്രൊജക്ടിനായി പഞ്ചായത്തിൻ ലഭിച്ചതും ചെലവഴിച്ചതും ബാക്കി നിൽക്കുന്നതുമായ തുകകളുടെ കൃത്യമായ കണക്കുകൾ തയ്യാറാക്കി പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൌച്ചർ നം./ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ | 12/18-19, തീ.06.06.18 | 146143 | 0 | 146143 |
| | സമ്പാളൂർ ട്രാൻസ്ഫോമർ മാറ്റി സ്ഥാപിക്കൽ | | 100000 | 0 | 100000 |
| | വിജ്ഞാൻ വാടി വൈദ്യുതീകരണം | | 25000 | 0 | 25000 |
| കെ.ഡബ്ല്യ.എ | ആറങ്ങാലി ടോയ്‌ലെറ്റിലേക്ക് വാട്ടർ കണക്ഷൻ | 8/18-19, തീ.06.06..18 | 1,20,000 | 0 | 1,20,000 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

# 4-5 വായ്പ/വായ്പാതിരിച്ചടവ്

വാർഷിക കണക്ക് പ്രകാരം ഓഡിറ്റ് വർഷം വായ്പാ ഇനത്തിൽ 4072297/- രൂപ വരവുണ്ട്. ഈ തുക 31.03.2019 ൽ തിരിച്ചടക്കാൻ ബാക്കിയുണ്ട്. എന്നാൽ ഈ വിവരങ്ങൾ വായ്പാ രജിസ്റ്ററിൽ ചേർത്തിട്ടില്ല. {ഖണ്ഡിക 1-11(12)}

# 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 3000000 |
| ആകെ | 3000000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3000000 |

# 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 699/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2017-18 | 3-20 | 699 | എ.ബി.സി മാർക്കറ്റിംഗ്, കാരൂർ | 118050104154, തീയതി.13.02.2019 |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2004-05 | 3-4 | 2009-10 | 3-88 | കുടുംബശ്രീ സമഗ്ര കൃഷി വികസനം മോണിറ്ററിംഗിന്റെ അഭാവം | മറുപടി സമർപ്പിച്ചു. |
| 2002-03 | 2-4 | 2006-07 | 3-58-1 | മണൽ പെർമിറ്റ് പിരിച്ച തുക 13550/- അടവാക്കിയിട്ടില്ല. | മറുപടി സമർപ്പിച്ചു. |
| 2004-05 | 3-3 | 2009-10 | 2-8-5 | നിക്ഷേപ വേലകൾ പൂർത്തിയാക്കാത്തത്, കെ.എസ്.ഇ.ബി അന്നമനട, 39690/- | മറുപടി സമർപ്പിച്ചു |
| 2014-15 | 2-5 | 2016-17 | 2-5 അനുബന്ധം4 | ഇറിഗേഷൻ കൊടകര, തൊഴിൽ നികുതി അടവാക്കിയത്, 2014-15, രണ്ടാം അർദ്ധവർഷം | മറുപടി സമർപ്പിച്ചു. |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല.

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

# 4-10 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 72580741 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 68800315 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5000 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി-യിലേയും സി-യിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം
ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1.27ബി | 5000 | ശ്രീ .സലീഷ്, വി.ഇ.ഒ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 78-79 | എൽ.എഫ്.ടി.(എസ്.2)-1086/11/2010-2011/ 10.01.12 |
| 79-80 | |
| 83-84 | |
| 85-86 | |
| 86-87, 87-88 | |

| | |
|---|---|
| 88-89, 89-90 | |
| 91-92 | |
| 92-93, 93-94 | |
| 94-95, 95-96 | |
| 96-97 | എൽ.എഫ്.ടി.8-395/98/ 22.09.98 |
| 97-98 | എൽ.എഫ്.ടി.7- 1471/98/ 09.03.09 |
| 98-99 | എൽ.എഫ്.ടി.7- 119/2000/ 20.05.2000 |
| 99-2000 വരവ് | എൽ.എഫ്.ടി.7-118/2000/ 20.05.2000 |
| 99-2000 ചെലവ് | എൽ.എഫ്.ടി.956/01/ 30.01.01 |
| 2000-01 | എൽ.എഫ്.ടി.14-1043/05/ 13.09.05 |
| 2001-02 | എൽ.എഫ്.ടി.14-1044/05/ 20.09.05 |
| 2002-03 | എൽ.എഫ്.ടി.14-1085/05/ 30.09.05 |
| 2003-04 | എൽ.എഫ്.ടി.14-440/06/ 02.06.06 |
| 2004-05 | എൽ.എഫ്.ടി.14-1398/08/ 05.09.09 |
| 2005-06 | എൽ.എഫ്.ടി.14-1399/08/ 05.09.09 |
| 2006-07 | എൽ.എഫ്.ടി.14-829/09/ 20.09.10 |
| 2007-08 | എൽ.എഫ്.ടി.14-1151/11/ 24.11.11 |
| 2008-09 | എൽ.എഫ്.ടി.പി3-2067/11/ 23.01.12 |
| 2009-10 | എൽ.എഫ്.ടി.പി3-1083/12/ 12.10.12/04.02.13 |
| 2010-11 | എൽ.എഫ്.ടി.പി3-1082/12/ 12.10.2012/04.02.13 |
| 2011-12 | എൽ.എഫ്.ടി.പി7-893/2013 തി.13.01.13/03.01.14 |
| 2012-13 | എൽ.എഫ്.ടി.പി7-459/14 തി.11.09.14/5.12.1 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.പി.7- 1184/15<br>തി.19.10.15/3.11.15 |
| | |

| | |
|---|---|
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി.7 - 1218/16<br>തി.25.07.2016/30.07.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.പി.7-2039/16 തി.16.01.2017 |
| 2016-17 | കെ.എസ്.എ ടിഎസ് ആർ പി.7-1707/17<br>തി.1.12.17/29.12.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി.7)483/2019തി.29.04.2019 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം- 1 ഓഡിറ്റ് സാക്ഷ്യപത്രം

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2018-19വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തൃശ്ശൂർ.

# അനുബന്ധം- 2 ഓഡിറ്റ് സംക്ഷിപ്തം

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

—